**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1488** **30-08-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്ക് ഭൂമി അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ ഏഴോളം ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ശുചിത്വ പരിരക്ഷാ പദ്ധതിക്കായി കൊണ്ടോട്ടി താലൂക്കിലെ പുളിക്കൽ വില്ലേജിലെ ലാൻഡ് ബോർഡ് അധീനതയിൽ ഉള്ള മിച്ചഭൂമിയിൽ നിന്നും അഞ്ച് ഏക്കർ ഭൂമി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | പരിഗണിച്ചുവരുന്നു. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്ക് പുളിക്കൽ വില്ലേജിൽ 94/2A-1pt, 74/1A, 158/2, 446/1, 185/3 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടുകിടക്കുന്ന ഭൂമി പദ്ധതിക്കായി കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി പദ്ധതിക്ക് അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിന് താലൂക്ക് സർവ്വേയർ, പുളിക്കൽ വില്ലേജ് ഓഫീസർ, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ സംയുക്ത സ്ഥല പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ